ഏപ്രിൽ 1 മുതൽ 10 വരെ

ദേശീയ പുസ്തകോത്സവം 2017

സാംസ്കാരികോത്സവം

# എഴുത്തരങ്ങ്

കേരള സാഹിത്യ അക്കാദമി

വാർത്താപത്രിക 2

കേരള സർക്കാർ
സാംസ്കാരികവകുപ്പ്






എം.എം.നാരായണൻ



എം.വി.നാരായണൻ



വി.സുകുമാരൻ



കെ.ഇ.എൻ.

## സംസ്കാരവിമർശം - സെമിനാർ

ഏപ്രിൽ 3 തിങ്കൾ 04:30

# വായന ഒരു സംസ്കാരം



ഡോ.ഖദീജ മുംതസ്
വൈസ് പ്രസിഡന്റ്
കേരള സാഹിത്യ അക്കാദമി

**കേ**രളീയ നവോത്ഥാനത്തിനും മലയാളികളുടെ വർത്തമാനപ്രബുദ്ധതക്കുമെല്ലാം അക്ഷരങ്ങളോടും സാഹിത്യത്തോടും അഭേദ്യമായ ബന്ധമാണുള്ളത്. ബംഗാൾ പോലുള്ള ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഈ അക്ഷരസ്വാധീനം കീഴാളജനതയിലേക്കുകൂടി എത്തിയിരുന്നുവെന്നതാണ് കേരളീയരെ വ്യത്യസ്തരാക്കിയത്. നൈസർഗികമായിത്തന്നെ അക്ഷരങ്ങളോട് ബന്ധം പുലർത്തിയിരുന്നവരായിരുന്നു മണ്ണിൽ പണിയെടുത്തിരുന്ന സാധാരണക്കാർപോലും. അവരുടെ ആഹ്ലാദവും പ്രതിഷേധവും പ്രതിരോധവുമെല്ലാം വാമൊഴിവാങ്മയങ്ങളും നാടൻപാട്ടുകളും മെതിപ്പാട്ടുകളുമായി പുറത്തേക്ക് വന്നു. മേലാളരെപ്പോലും ചോദ്യം ചെയ്യാൻ കരുത്തുറ്റ തെയ്യവും തിറയും അങ്ങനെയാണുണ്ടായത്. മലയാളകവിതാവൃത്തങ്ങളുടെ ഉൽപത്തി ഈ നാടൻപാട്ടുകളിൽ നിന്നാണ്. അതുകൊണ്ടുതന്നെ മലയാളകവിതയുടെ സ്വാധീനം നവോത്ഥാനകാലത്ത് വളരെയെളുപ്പം താഴേത്തട്ടിലേക്ക് വരെ എത്തുകയുണ്ടായി.

ഒരു എഴുത്തച്ഛനെ ലഭിച്ചുവെന്നതാണ് മലയാളിയുടെ ഏറ്റവും വലിയ ധന്യത. വട്ടെഴുത്ത് എന്ന പ്രാചീനഭാഷയിൽനിന്ന് അമ്പത്താറക്ഷരങ്ങളുള്ള അതിസമ്പന്നമായ ഒരു ആധുനികഭാഷയെ നെയ്തെടുത്തു ശൂദ്രനായി ജനിച്ച എഴുത്തച്ഛൻ. സംസ്കൃതഭാഷയിലൂടെ സവർണർക്കു മാത്രം പ്രാപ്യമായിരുന്ന സാഹിത്യം അവർണജനതക്കുകൂടി ലഭ്യമായതിങ്ങനെയാണ്. മഹാഭാരതത്തിലും രാമായണത്തിലും ഒളിഞ്ഞുകിടന്ന ജീവിതദർശനങ്ങളുമായി സാധാരണക്കാർക്ക് എളുപ്പത്തിൽ ബന്ധം സ്ഥാപിക്കാൻ കഴിഞ്ഞു. കേരളത്തിൽ ആദിവാസികൾക്കിടയിൽ വ്യത്യസ്തരീതിയിലുള്ള വാമൊഴിരാമായണങ്ങൾ ഉണ്ടായിരുന്നുവെന്നത് എടുത്തുപറയേണ്ടതാണ്.

നവോത്ഥാനപ്രസ്ഥാനവും പുരോഗമനരാഷ്ട്രീയമുന്നേറ്റങ്ങളും കലയെയും സാഹിത്യത്തെയും സാധാരണക്കാരുമായി അടുപ്പിച്ചു. കമ്യൂണിസം കേരളത്തിൽ വേരൂന്നിയത് വായനയിലൂടെയും ഗ്രാമീണതലത്തിൽപോലും നടന്ന ചർച്ചകളിലൂടെയുമാണ്. ഗ്രന്ഥശാലകൾക്ക് സ്വാതന്ത്ര്യസമരമൂല്യങ്ങളിലും ഇടതുപക്ഷചിന്തകളുടെ വ്യാപനത്തിലും ഉണ്ടായിരുന്ന പങ്ക് സവിശേഷമാണ്. ചെറുകാടിന്റെ *ജീവിതപ്പാത*യിൽ *പാവങ്ങൾ* പോലെയുള്ള ലോകക്ലാസിക് കൃതികളെ അന്നത്തെ ചെറുപ്പക്കാർ എങ്ങനെ തേടിപ്പിടിച്ച് വായിച്ചിരുന്നു എന്നതിന്റെയും ലോകവ്യാപകമായി നടന്ന വിപ്ലവങ്ങളുടെ ഊർജ്ജം മലയാളികൾ എങ്ങനെ സ്വാംശീകരിച്ചു എന്നതിന്റെയും സൂചനകളുണ്ട്.

തൊണ്ണൂറുകളോടെ ദൃശ്യസംസ്കാരത്തിന്റെ ദുഃസ്വാധീനത്തിൽപെട്ടുപോയ മലയാളിയെയാണ് നാം കാണുന്നത്. കമ്പോളാർത്തിയുടെയും വർണശബളമായ പരസ്യങ്ങളുടെയും കുത്തൊഴുക്കായിരുന്നു പിന്നെ. കാഴ്ചകൾക്കുള്ള അപ്രമാദിത്വവും അധികാരസ്വഭാവവും ചിന്തകളുടെ കൂമ്പടക്കും. തെറ്റിലെ ശരിയും ശരിയിലെ തെറ്റും തെരയാനുള്ള കഴിവില്ലാതാക്കും. അന്ധമായി വിശ്വസിപ്പിക്കൽ മാത്രമാണ് അതിന്റെ സ്വഭാവം. മുഖമില്ലാത്ത ഒരു സമൂഹത്തെ ഉണ്ടാക്കിയെടുക്കുകയെന്നത് കമ്പോളത്തിന്റെയും മതപൗരോഹിത്യത്തിന്റെയും ആവശ്യമായിരുന്നു. വേട്ടയാടപ്പെടുമെന്ന ഭയം നാവുകൾ കെട്ടപ്പെട്ട ഒരു ജനതയെയാണ് ഉണ്ടാക്കുന്നത്.

നല്ല വായന ജനവിരുദ്ധനിലപാടുകളെ തിരിച്ചറിയാനുള്ള കഴിവുണ്ടാക്കുന്നു. പുസ്തകങ്ങളും വായനയിൽ അധിഷ്ഠിതമായ സംവാദങ്ങളും ഒരു നഷ്ടസംസ്കാരത്തിന്റെ തിരിച്ചുപിടിക്കലായിത്തീരുന്നത് അങ്ങനെയാണ്. ■

# അകംപുറംകാഴ്ചകൾ



കെ.വി.മോഹൻകുമാർ
പൊതുവിദ്യാഭ്യാസ ഡയറക്റ്റർ

കേരളത്തിനൊരു പുസ്തകസംസ്കാരമുണ്ട്. വായനയിലൂടെ അക്ഷരങ്ങളുടെയും വാക്കുകളുടെയും കണ്ടറിഞ്ഞ സംസ്കാരമാണത്. വായന അകത്തേക്കും പുറത്തേക്കും തുറക്കുന്ന ജാലകമാണ്. അകംകാഴ്ചകളും പുറംകാഴ്ചകളും ഒരേസമയം തുറന്നുകാട്ടുന്ന ജാലകം. ആ ജാലകം മോചനത്തിലേക്കുള്ള വഴി കൂടിയാണ്. വായനയെ ജനകീയവൽകരിക്കുന്നതുവഴി, പ്രതിലോമാശയങ്ങൾക്കെതിരെ നൈതികജാഗ്രത ജനമനസ്സുകളിൽ പടുത്തുയർത്താൻ കഴിയും.

കേരള സാഹിത്യ അക്കാദമി ഒരുക്കുന്ന ദേശീയ പുസ്തകോത്സവവും അതിന്റെ ഭാഗമായ എഴുത്തരങ്ങും വായനയിലൂടെ പുതിയൊരു സാംസ്കാരികമുന്നേറ്റത്തിനും പിന്തിരിപ്പൻ കാഴ്ചപ്പാടുകൾക്കെതിരെയുള്ള ചെറുത്തുനിൽപിനും വേദിയൊരുക്കുന്നു. പാർശ്വവൽകരിക്കപ്പെട്ട ജനവിഭാഗങ്ങളിലേക്കും സാഹിത്യത്തെയും വായനയെയും എത്തിക്കാൻ അക്കാദമി നടത്തുന്ന പ്രവർത്തനങ്ങൾക്ക് അഭിവാദ്യങ്ങൾ നേരുന്നു. ■

---

# ജനകീയശക്തി ഉണർത്തുക എഴുത്തുകാരുടെ ബാധ്യത
## ലക്ഷ്മൺ ഗെയ്ക്വാദ്

ദലിതരെയും ആദിവാസികളെയും സ്ത്രീകളെയും ഭീകരമായി ചൂഷണംചെയ്യുന്ന സാമൂഹ്യക്രമത്തെ ചോദ്യംചെയ്യാനും പ്രതിരോധിക്കാനും കഴിയുന്ന ജനകീയശക്തി ഉണർത്തിയെടുക്കാൻ എഴുത്തുകാർക്ക് ബാധ്യതയുണ്ടെന്ന് ദേശീയ പുസ്തകോത്സവവും എഴുത്തരങ്ങ് സാംസ്കാരികോത്സവവും ഉദ്ഘാടനംചെയ്തുകൊണ്ട് ലക്ഷ്മൺ ഗെയ്ക്വാദ് പറഞ്ഞു. മനുഷ്യന്റെ പരമപ്രധാനമായ ധാർമികസത്തയാണ് ശക്തമാകേണ്ടത്. കപടമായ ദേശീയവാദത്തിന് പ്രസക്തിയില്ല. മതവും ഭരണകൂടവും അധികാരം പങ്കിടുന്നത് ജനജീവിതത്തെ അപകടപ്പെടുത്തുകയും എഴുത്തുകാരിൽ സമ്മർദ്ദമുണ്ടാക്കുകയും ചെയ്യുന്നു. യഥാർത്ഥത്തിൽ മതവും ഭരണകൂടവും വേറെ വേറെ നിൽക്കേണ്ടതാണ്. ഏത് ഭക്ഷണം കഴിക്കണമെന്നും വസ്ത്രമേതാണ് ധരിക്കേണ്ടതെന്നും എന്തെഴുതണമെന്നും നിശ്ചയിക്കുമ്പോൾ മനുഷ്യത്വത്തെയാണ് മതമേധാവികൾ നിഷേധിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

അക്കാദമി പ്രസിഡന്റ് വൈശാഖൻ അധ്യക്ഷത വഹിച്ചു. സാംസ്കാരികപ്രദർശനത്തിന്റെ ഉദ്ഘാടനം സേതു നിർവഹിച്ചു. ആഗോളവ്യാപകമായി മനുഷ്യരെ ഭിന്നിപ്പിക്കുന്ന പുതിയ മതിലുകൾ സൃഷ്ടിക്കുകയാണ് മതങ്ങളും അധികാരികളും ചെയ്യുന്നതെന്ന് അദ്ദേഹം പറഞ്ഞു. എഴുത്തുകാരെ ഭീഷണിപ്പെടുത്തിയും ചിന്തിക്കുന്ന മനുഷ്യരെ ഭയപ്പെടുത്തിയും അധികാരികൾ തേർവാഴ്ച നടത്തുന്നത് ഒരു ജനാധിപത്യ സമൂഹത്തിന് നോക്കിനിൽക്കാനാവില്ലെന്നും സേതു പറഞ്ഞു.

കെ.വി.ബേബിയുടെ കാവ്യപൂജയോടെയാണ് ചടങ്ങ് ആരംഭിച്ചത്. അക്കാദമി വൈസ് പ്രസിഡന്റ് ഡോ.ഖദീജ മുംതസ് ആമുഖപ്രഭാഷണം നടത്തി. എഴുത്തരങ്ങ് വാർത്താപത്രിക കെ.വി. മോഹൻകുമാറിന് നൽകി സേതു പ്രകാശനം ചെയ്തു. അക്കാദമി സെക്രട്ടറി കെ.പി.മോഹനൻ സ്വാഗതവും സ്വാഗതസംഘം കൺവീനർ രാവുണ്ണി നന്ദിയും പറഞ്ഞു. ■



# പുസ്തകങ്ങൾ ഉണർവിന്റെ അടയാളങ്ങൾ



പ്രൊഫ.വി.എൻ.മുരളി
അക്കാദമി നിർവാഹകസമിതിയംഗം

വായന നിലയ്ക്കുമ്പോൾ സാമൂഹ്യബോധം മുരടിക്കും, വ്യക്തിബോധം മലിനീകരിക്കപ്പെടും. അതുകൊണ്ട്, പരിസ്ഥിതിയുടെ ശുചീകരണം പോലെ സാമൂഹ്യബോധത്തെ പവിത്രമാക്കാൻ വായന വേണം.

പുസ്തകങ്ങൾക്ക് ജനമനസ്സുകളെ ഒന്നിച്ചു ചേർത്തുകെട്ടാനാവും, തലമുറകളെ ഒന്നിപ്പിക്കാൻ കഴിയും. രാമായണവും മഹാഭാരതവും ബൈബിളും ഖുറാനുമെല്ലാം മതഗ്രന്ഥങ്ങളെന്നതിലുപരി വായിക്കുന്നവരുടെ മനസ്സുകളെ കണ്ണിചേർക്കുന്നതിന് വഴിയൊരുക്കുന്നു. ആധുനിക കാലത്ത് മാർക്സിന്റെ ഗ്രന്ഥങ്ങൾ ലോകത്തെ തൊഴിലെടുക്കുന്നവരുടെ മനസ്സുകളെ മുഴുവൻ ഓരോരോ പേജുകൾ പോലെ കൂട്ടിക്കെട്ടുന്നുണ്ട്.

വാല്മീകി രാമായണം എഴുതിയത് ഭക്തി പ്രചരിപ്പിക്കാനോ, അതിന്റെ പേരിൽ കലാപങ്ങളുണ്ടാക്കാനോ അല്ല. സീതക്കെതിരെ ഉന്നയിച്ച സംശയം ദൂരീകരിച്ച് അവർ പരിശുദ്ധയാണെന്ന് ലോകത്തെ ബോധ്യപ്പെടുത്താനാണ്.

പുസ്തകങ്ങൾ നമ്മുടെ സാമൂഹികമായ കൂട്ടായ്മയുടെയും ഉണർവിന്റെയും അടയാളങ്ങളാണ്. പുസ്തകങ്ങൾ വ്യക്തിമനസ്സിൽ വരുത്തുന്ന പരിവർത്തനങ്ങൾ വളരെ വലുതാണ്. പരിവർത്തനത്തെ ഭയപ്പെടുന്നവർ പുസ്തകങ്ങൾ നിരോധിക്കുകയും എഴുത്തുകാരെ വേട്ടയാടുകയും വായനശാലകൾക്കും പുസ്തകങ്ങൾക്കും തീകൊളുത്തുകയും ചെയ്യുന്നു. 1934-ൽ ജെർമനിയിൽ നാസികൾ അവർക്കിഷ്ടമില്ലാത്ത എഴുത്തുകാരുടെ-ഫ്രോയ്ഡ്, തോമസ് മൻ, കാൾ മാർക്സ്-കൃതികൾ തെരുവിൽ ചുട്ടെരിക്കുകയും യൂണിവേഴ്സിറ്റികളിലെ ഗ്രന്ഥശാലകൾപോലും അടിച്ചുതകർത്ത് തീയിടുകയും ചെയ്തു. ഇന്ത്യയിലിപ്പോൾ അരങ്ങേറുന്നതും ഇതൊക്കെത്തന്നെ.

ഗ്രന്ഥങ്ങൾ ബോധനിർമിതി നടത്തുന്നതുകൊണ്ട്, അവയെ നശിപ്പിക്കുകയെന്നതാണ് എക്കാലത്തെയും സർവാധിപത്യഭരണകൂടങ്ങളുടെ പ്രവർത്തനരീതി. അതുകൊണ്ട് ഗ്രന്ഥങ്ങളും ഗ്രന്ഥശാലകളും സ്വേച്ഛാധിപത്യത്തിനും സമഗ്രാധിപത്യത്തിനുമെതിരായ ചെറുത്തുനിൽപുകളാണ്.

എഴുത്തുകാരെ അവരുടെ ആശയങ്ങളുടെ പേരിൽ ശാരീരികമായി ആക്രമിക്കുന്ന രീതി വളർന്നുവരുന്ന കാലം കൂടിയാണിത്. വിരുദ്ധങ്ങളായ ആശയങ്ങളുടെ സംഘർഷത്തിൽനിന്നാണ് വിപ്ലവകരമായ പുതിയ കാഴ്ചപാടുകളും രൂപംകൊള്ളുന്നതെന്ന് നമ്മൾ തിരിച്ചറിയേണ്ടതുണ്ട്. ■



# അക്ഷരത്തിന്റെ വേരുകളും പൂക്കളും



സുഭാഷ്ചന്ദ്രൻ
അക്കാദമി നിർവാഹകസമിതിയംഗം

ഒരു സർക്കാർ പള്ളിക്കൂടത്തിലാണ് ഞാൻ പഠിച്ചത്. പത്ത് വരെ, മലയാളം മീഡിയത്തിൽ. അവിടെ പഠിപ്പിച്ച ടീച്ചർമാരിൽ സാഹിത്യത്തിൽ അവബോധം സൃഷ്ടിക്കാൻ കഴിവുള്ളവർ ഇല്ലായിരുന്നു. വിഷയങ്ങൾ പഠിപ്പിക്കുക, പോവുക. അതിനവരെ കുറ്റപ്പെടുത്താനും കഴിയില്ല.

വീടിനടുത്ത് കടുങ്ങല്ലൂരിൽ സാഹിത്യപോഷിണി വായനശാലയുണ്ട്. പേര് പോലെത്തന്നെ എന്റെ സാഹിത്യത്തെ പോഷിപ്പിച്ചത് ആ വായനശാലയാണ്. പതിനായിരത്തോളം വരുന്ന പുസ്തകങ്ങൾ മുഴുവൻ വായിച്ചെടുക്കാൻ ഞാൻ ആവുന്നത്ര ശ്രമിച്ചിരുന്നു. ആ വായനയുടെ ലഹരിയിലാണ് പ്രീഡിഗ്രി ഫസ്റ്റ് ഗ്രൂപ്പും സെക്കന്റ് ഗ്രൂപ്പും ഒന്നിച്ച് പഠിച്ചിട്ടും ഞാൻ അതിൽനിന്നും മാറി മലയാളം ബിഎ എടുത്ത് സാഹിത്യം പഠിക്കാൻ തീരുമാനിച്ചത്.

മഹാരാജാസ് കോളേജിൽ എംഎക്ക് അഡ്മിഷൻ കിട്ടിയത് വായനയുടെയും എഴുത്തിന്റെയും രംഗത്ത് വലിയൊരു വഴിത്തിരിവായി. കേരളത്തിന്റെ പല ഭാഗങ്ങളിൽനിന്നും വന്നുചേർന്ന സാഹിത്യപ്രേമികളായ സഹപാഠികൾ എനിക്ക് കസാന്ത്സാക്കീസിനെയും മിലൻ കുന്ദേരയെയും ഗബ്രിയേൽ ഗാഴ്സ്യ മാർക്വേസിനെയും കുറിച്ച് പറഞ്ഞുതന്നു. ഹുവാൻ റൂൾഫോ എന്ന അത്ഭുതരചയിതാവിന്റെ പെഡ്രോ പരാമോ എന്ന വിസ്മയരചന പരിചയപ്പെടുത്തിത്തന്നു. ദസ്തയെവ്സ്കിയുടെ മുഴവൻ നോവലുകളുടെയും ഇംഗ്ലീഷ് വിവർത്തനങ്ങൾ ഞങ്ങൾ കൈമാറി കൈമാറി വായിച്ചു. ലാറ്റിനമേരിക്കൻ സാഹിത്യത്തിലെ ദീപസ്തംഭങ്ങളെ ആശ്ചര്യത്തോടെ തൊഴുതു. ഒപ്പം, മലയാളസാഹിത്യത്തിൽ ബിരുദാനന്തരബിരുദം ചെയ്യുന്ന ഒരു വിദ്യാർത്ഥിയുടെ പര്യവേഷണകൗതുകത്തോടെ മലയാളത്തിലെ മികച്ച കഥകളും കവിതകളും നോവലുകളും നിരൂപണകൃതികളും ആർത്തിയോടെ വായിച്ചു. ലോകസാഹിത്യത്തിലെ ഏത് കേമന്മാർക്കുമൊപ്പം തലപ്പൊക്കമുള്ള എഴുത്തുകാർ നമ്മുടെ ചെറിയ ഭാഷയിലുമുണ്ടെന്ന് തിരിച്ചറിഞ്ഞ് സന്തോഷിച്ചു. ആ നിരയിൽപെട്ട, പെടുത്താവുന്ന എന്തെങ്കിലുമൊക്കെ എഴുതിവെച്ചിട്ട് മരിക്കണമെന്ന് ശപഥമെടുത്തു.

പോയ കാലത്തിന്റെ ഈ അത്യധ്വാനം നിറഞ്ഞ, അത്യാനന്ദം നിറഞ്ഞ സാധനയിൽനിന്നാണ് എന്റെ ഗദ്യപരിശ്രമങ്ങൾക്ക് ഉയിരും ഉശിരും കിട്ടിയത്. അതിപ്പോഴും തുടരുന്നു. കാലത്തിന് പോറലേൽപിക്കാൻ കഴിയാത്ത ഒരക്ഷരമെങ്കിലൊരക്ഷരം ഈ ഭൂമിയിൽ ഞാൻ ജീവിച്ചിരുന്നുവെന്നതിന് തെളിവായി ബാക്കി നിർത്തിക്കൊണ്ട് മരിക്കാൻ, ഇപ്പോഴും ഉള്ളിലെ ദുരാഗ്രഹി കൊതിക്കുന്നു. ■



സാമ്രാജ്യത്വയുദ്ധത്തിന്റെ നേർകാഴ്ചകൾ

# ഓർമകൾ ഓർമകൾ ചൂടുള്ളോരോർമകൾ

ദേശീയ പുസ്തകോത്സവത്തിന്റെ ഭാഗമായി അക്കാദമി ഓഡിറ്റോറിയത്തിൽ പ്രശസ്ത ചിത്രകാരൻ ഗായത്രിയുടെ സംവിധാനത്തിലൊരുക്കിയ **ഓർമകളുണ്ടായിരിക്കണം** എന്ന സാംസ്കാരികപ്രദർശനം ഒക്ടോബർ വിപ്ലവം മലയാളസാഹിത്യത്തെ എങ്ങനെയെല്ലാം സ്വാധീനിച്ചു എന്നതിന്റെ നേർചിത്രീകരണമാണ്. ഒക്ടോബർ വിപ്ലവം മുതലാളിത്തചൂഷണത്തെ എങ്ങനെ എതിരിട്ടുവെന്നും മറ്റ് രാജ്യങ്ങളിൽ ഉരുത്തിരിയുന്ന തൊഴിലാളിവർഗമുന്നേറ്റങ്ങൾക്ക് എങ്ങനെ പ്രചോദനമരുളിയെന്നും ഈ പ്രദർശനം ചിത്രങ്ങളിലൂടെ വ്യക്തമാക്കുന്നു. ലെനിൻ കാലത്തിന്റെ കണ്ണാടിയെന്ന് വിശേഷിപ്പിച്ച ടോൾസ്റ്റോയ്, റഷ്യൻ സാഹിത്യത്തെ ഐതിഹാസികമാനങ്ങളിലേക്ക് ഉയർത്തിയ ദസ്തയേവ്സ്കി, മയകോവ്സ്കി, ഷൊളൊഖൊവ്, തുർഗനേവ്, പുഷ്കിൻ, ഗോർക്കി തുടങ്ങിയ എഴുത്തുകാരുടെ രേഖാചിത്രങ്ങളും സംഭാവനകളും സംക്ഷിപ്തമായി രേഖപ്പെടുത്തിയ പേനലുകൾ പ്രദർശനത്തെ അർത്ഥപൂർണമാക്കുന്നു. ഒക്ടോബർ വിപ്ലവം പ്രമേയമാക്കി തയ്യാറാക്കിയ ഡോക്യുമെന്ററികളിൽനിന്നും സെർജി ഐസെൻസ്റ്റീന്റെ ബാറ്റിൽഷിപ് പൊടംകിൻ അടക്കമുള്ള സിനിമകളിൽനിന്നും തെരഞ്ഞെടുത്ത ഭാഗങ്ങൾ വേദിയിൽ പ്രദർശിപ്പിക്കുന്നുണ്ട്. ധാരാളംപേർ ഈ പ്രദർശനത്തിനെത്തുന്നുണ്ട്.



ഗായത്രി

തൊഴിലാളിവർഗത്തിന്റെ നേതൃത്വത്തിൽ 1917-ൽ റഷ്യയിൽ നടന്ന മഹത്തായ ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവം ലോകമെങ്ങുമുള്ള അടിച്ചമർത്തപ്പെടുന്ന ജനസമൂഹത്തിന്റെ ഉയിർത്തെഴുന്നേൽപുകൾക്ക് അടിത്തറ പാകി. ആഗോളതലത്തിൽ മുതലാളിത്തം കുത്തകമുതലാളിത്തത്തിലേക്കും സാമ്രാജ്യത്വത്തിലേക്കും വളരുന്ന അപകടകരമായ ഒരു ഘട്ടത്തിലായിരുന്നു ഒക്ടോബർ വിപ്ലവം യാഥാർത്ഥ്യമായത്. മനുഷ്യരാശിയുടെ സമത്വത്തിന് വേണ്ടിയുള്ള പോരാട്ടത്തിൽ ഒരു നാഴികക്കല്ലായിരുന്നു സോഷ്യലിസ്റ്റ് വിപ്ലവം. നവംബർ ഇരുപത്തിമൂന്നിന് നടന്ന ഈ വിപ്ലവം പഴയ റഷ്യൻ കലണ്ടർ പ്രകാരം ഒക്ടോബറിൽ ആയതിനാലാണ് അത് ഒക്ടോബർ വിപ്ലവം എന്ന പേരിൽ അറിയപ്പെടുന്നത്. ഒക്ടോബർ വിപ്ലവത്തിന്റെ ശതാബ്ദി വർഷം ലോകമെങ്ങും കൊണ്ടാടുകയാണിപ്പോൾ. കേരളത്തിലും ഇതിന്റെ നൂറാം പിറന്നാൾ ആഘോഷങ്ങൾ നടന്നുവരികയാണ്. മലയാളസാഹിത്യത്തെയും കലയെയും സംസ്കാരത്തെയും നിർണയിക്കുന്നതിൽ ഒക്ടോബർ വിപ്ലവം ശ്രദ്ധേയമായ പങ്കുവഹിച്ചിട്ടുണ്ട്. ഒക്ടോബർ വിപ്ലവത്തിന്റെ അലയൊലികൾ ഇരമ്പുന്ന മലയാളകൃതികളും എഴുത്തുകാരും ഈ പ്രദർശനത്തെ ജീവസ്സുറ്റതാക്കുന്നു.

ഐക്യകേരളത്തിന്റെ അറുപതാം പിറന്നാൾ ആഘോഷങ്ങൾ നടന്നുവരികയാണ്. കേരളം പിന്നിട്ട ഇന്നലെകളിലേക്ക് വെളിച്ചം വീശുന്ന ചരിത്രവസ്തുതകളും ഈ പ്രദർശനത്തിലുണ്ട്. കേരളത്തിന്റെ ആദ്യമുഖ്യമന്ത്രി ഇ.എം.എസ്സിൽ തുടങ്ങുകയാണീ അന്വേഷണം. ഒരു നീർമാതളപ്പൂവിന്റെ നേർത്ത സുഗന്ധമായി അക്ഷരലോകത്ത് നിറഞ്ഞുനിൽക്കുന്ന കമലാ സുരയ്യയുടെയും മലയാളമനഃസാക്ഷിയുടെ സാഗരഗർജ്ജനമായിരുന്ന സുകുമാർ അഴീക്കോടിന്റെയും ശബ്ദം കേട്ടാസ്വദിക്കാനുള്ള അവസരവും ഈ പ്രദർശനത്തിലുണ്ട്. പ്രത്യേകം തയ്യാറാക്കിയ കറുത്ത ബോക്സിനുള്ളിൽ കടന്നിരുന്നാൽ ലെനിന്റെയും ഇഎംഎസ്സിന്റെയും പ്രഭാഷണങ്ങൾ കേൾക്കാനാവും. പുതിയ തലമുറക്ക് വിലപ്പെട്ട ചരിത്രരേഖകളാണിവ.

കേരളത്തിൽ ഭയപ്പെടുത്തുന്ന വാർത്തകളായി മാറുന്ന സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങളിൽ ചിത്രകാരൻ ഗായത്രി ഇൻസ്റ്റലേഷനുകളിലൂടെയും ചിത്രങ്ങളിലൂടെയും ശക്തമായ പ്രതിഷേധമുയർത്തുന്നു. സ്ത്രീ കേവലമൊരു ഉടൽ മാത്രമല്ലെന്ന ആശയമാണിവിടെ നിറയുന്നത്. ഏറെ ശ്രദ്ധേയമായ ഒരു ചിത്രമാണ് മുളങ്കാട്ടിൽ നിൽക്കുന്ന നിഷ്കളങ്കബാല്യത്തിന്റേത്. ഏത് നിമിഷവും പീഡനത്തിന്റെ കൈകൾ ആ ബാല്യങ്ങൾക്കു നേരെ നീണ്ടുവരുന്നതിന്റെ സൂചന ചിത്രകാരൻ നൽകുന്നുണ്ട്.

കൽബുർഗിയെയും നരേന്ദ്ര ധാബോൽകറുടെയും ഗോവിന്ദ് പൻസാരെയുടെയും രോഹിത് വെമുലയുടെയും ഓർമകൾ മുൻനിർത്തി സാംസ്കാരികരംഗത്തേക്ക് കടന്നുകയറുന്ന വർഗീയഫാസിസത്തിന്റെ ആയുധമുനകളെ ചിത്രീകരിച്ചിരിക്കുന്നതും ഏറെ പ്രസക്തമാണ്. ഒരു കൂട്ടം പുസ്തകങ്ങളുടെ മേൽ രക്തമൊഴുക്കിക്കൊണ്ട് കഠാരകൾ കുത്തിനിർത്തിയ ദൃശ്യം ആരെയും സ്തബ്ധരാക്കും. മാനവസംസ്കാരത്തെ ഭസ്മമാക്കുന്ന യുദ്ധത്തിന്റെ സർവസംഹാരത്തിന് മുന്നിൽ അരുതേയെന്ന നിലവിളിയുമായി ഒരുക്കിയ ഇൻസ്റ്റലേഷൻ അതീവശ്രദ്ധേയം. ഹിംസക്കും ആഗോളതക്കും അധിനിവേശങ്ങൾക്കുമെതിരെ വികാരമുയർത്തുന്ന സാംസ്കാരികപ്രദർശനം കാണാൻ ധാരാളം കാണികളെത്തുന്നു.

തയ്യാറാക്കിയത് :
കീർത്തി ടി.ജെ.
വിനിഷ ടി.കെ.

# നീ തന്നെ നേതൃത്വം ഏറ്റെടുക്കണം

ബെർതോൾട് ബ്രെഹ്ത്
പരിഭാഷ : സച്ചിദാനന്ദൻ



ഏറ്റവും ലളിതമായ കാര്യങ്ങൾ പഠിച്ചുതുടങ്ങുക
നിനക്ക് ഒട്ടും താമസിച്ചിട്ടില്ല, കാരണം
നിന്റെ സമയം വന്നെത്തിയിരിക്കുന്നു!
ആദ്യം 'തറ പറ' പഠിക്കുക
അതുപോരാ, എങ്കിലും അത് പഠിക്കണം
അത് നിന്നെ പിന്തിരിപ്പിക്കാൻ ഇട കൊടുത്തുകൂടാ.
ആരംഭിക്കൂ! നീയെല്ലാം അറിഞ്ഞിരിക്കണം
നീ തന്നെ നേതൃത്വം ഏറ്റെടുക്കണം!

അനാഥാലയത്തിലെ മനുഷ്യാ, പഠിക്കൂ!
പഠിക്കൂ, തടവറയിലെ മനുഷ്യാ!
അടുക്കളയിലെ വീട്ടുകാരീ, പഠിക്കൂ!
പഠിക്കൂ, അറുപത് തികഞ്ഞ കിഴവാ!
വീടില്ലാത്ത നീ സ്കൂൾ തേടിയിറങ്ങണം
തണുത്ത് വിറക്കുന്ന നീ ബുദ്ധി കൂർപ്പിച്ചെടുക്കണം
വിശക്കുന്ന മനുഷ്യാ, പുസ്തകം എത്തിപ്പിടിക്കൂ,
അതൊരായുധമാണ്.

നീ തന്നെ നേതൃത്വം ഏറ്റെടുക്കണം!
ചോദ്യം ചോദിക്കാൻ ഭയപ്പെടരുത് സഹോദരാ
ഒരുത്തനും കീഴ്പെടുകയുമരുത്
നീ തന്നെ നോക്കിക്കാണണം
തന്നെത്താൻ അറിയാത്തതെല്ലാം
നിനക്കറിഞ്ഞുകൂടാത്ത കാര്യങ്ങളാണ്.
കണക്കുകൾ കൂട്ടിത്തുടങ്ങൂ
നീ തന്നെയാണ് കൊടുത്തുതീർക്കേണ്ടത്.

ഓരോന്നിലും വിരൽതൊട്ട് ചോദിക്കൂ:
'ഇതെങ്ങനെ ഇവിടെ വന്നു?'

നീ തന്നെ നേതൃത്വം ഏറ്റെടുക്കണം!

*'അമ്മ'യിൽനിന്ന്*





# ദേശത്തനിമയിൽനിന്ന് കല ഉരുത്തിരിയണം

## പ്രിയനന്ദനൻ

ദേശീയ പുസ്തകോത്സവത്തിന്റെയും എഴുത്തരങ്ങ് സാംസ്കാരികോത്സവത്തിന്റെയും ഭാഗമായ കലാസാഹിത്യമത്സരങ്ങൾ പ്രിയനന്ദനൻ ഉദ്ഘാടനം ചെയ്തു. തയ്യാറെടുപ്പുകൾ കൂടാതെയുള്ള എഴുത്തും വായനയും ആസ്വാദനവുമാണ് കലാപ്രവർത്തനങ്ങൾക്ക് കൂടുതൽ സഹായകരമാവുന്നതെന്ന് പ്രിയനന്ദനൻ പറഞ്ഞു. ഒരു പ്രദേശത്തിനും ആ ദേശത്തിന്റേതായ തനിമകളുണ്ട്. അത് കലയിൽ പ്രതിഫലിക്കാതിരിക്കില്ല. പെരുവനം പൂരത്തിന്റെ താളമാണ് താൻ താളങ്ങളെക്കുറിച്ച് അന്വേഷിക്കാനിടയാക്കിയത്. നാടകവും ചലച്ചിത്രവും ചിത്രകലയുമെല്ലാം ദേശത്തനിമയിൽനിന്നും ഉരുത്തിരിയേണ്ടതാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഡോ.എം.എൻ.വിനയകുമാർ അധ്യക്ഷത വഹിച്ചു. അക്കാദമി സെക്രട്ടറി ഡോ.കെ.പി.മോഹനൻ ആമുഖപ്രഭാഷണം നടത്തി.

ചിത്രരചനാമത്സരം അനുജാത് സിന്ധു വിനയ്ലാൽ ചിത്രം വരച്ച് ഉദ്ഘാടനം ചെയ്തു. സി.ആർ.ദാസ് അധ്യക്ഷത വഹിച്ചു. വി.എൻ. അശോകൻ സ്വാഗതവും എം.വി.ജോസ് നന്ദിയും പറഞ്ഞു.

## മത്സരവിജയികൾ

പ്ലസ് റ്റു തലത്തിൽ നടന്ന കാവ്യകേളി മത്സരത്തിൽ നീരജ് ശിവദാസ് കെ. ഒന്നാംസ്ഥാനവും രേവതി എം.എസ്. രണ്ടാംസ്ഥാനവും അപർണരാജ് എം.ആർ. മൂന്നാംസ്ഥാനവും നേടി. കോളേജ് തലത്തിൽ ആര്യ കെ.ശ്രീകുമാർ ഒന്നാംസ്ഥാനവും സുരഭി കെ. രണ്ടാംസ്ഥാനവും നേടി.

ചിത്രരചനാമത്സരം നഴ്സറി വിഭാഗത്തിൽ ആദിയ ബെനിസർ, ഹൃഷികേശ് ടി.എസ്., ആയിഷ ബെനിസർ എന്നിവർ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. എൽപി വിഭാഗത്തിൽ ദിയ ലക്ഷ്മി ടി.എച്ച്., അർജുൻ ജെയ്കൃഷ്ണ, നാദിയ പി.ബാബു എന്നിവർ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. യുപി വിഭാഗത്തിൽ അക്ഷയ ഷമീർ, അഭിനവ് ശ്രേയസ്, അരുൺ കെ.യു. എന്നിവർ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. ഹൈസ്കൂൾ വിഭാഗത്തിൽ ലക്ഷ്മീദേവി കെ. ഒന്നാം സ്ഥാനവും നേഹ ആർ.നായർ രണ്ടാം സ്ഥാനവും അനീന എലിസബത്ത് വർഗീസ്, ഗോപികാനന്ദന എ.ജി. എന്നിവർ മൂന്നാംസ്ഥാനവും നേടി. ഹയർ സെക്കന്ററി വിഭാഗത്തിൽ മഞ്ജു ടി.എം. ഒന്നാംസ്ഥാനവും വിശാഖ് എൻ.ജെ. രണ്ടാംസ്ഥാനവും മൃദുൽ മോഹൻ മൂന്നാംസ്ഥാനവും നേടി.

# പുസ്തകോത്സവദിനസരി

## ഏപ്രിൽ 4 ചൊവ്വ

10:00 **കവിതാലാപനമത്സരം**

03:00 **പുസ്തകപ്രകാശനം** : സമ്രാട്ട് പബ്ലിക്കേഷൻസ്
പലായനം (നോവൽ) : ജോയ് നെടിയോലിമോളേൽ
ശരിയുത്തരങ്ങൾ (നോവൽ) : മനോജ് പാലക്കാട്
പ്രകാശനം : അനിൽ അക്കര എംഎൽഎ

05:00 **സെമിനാർ : എഴുത്ത് സമൂഹം സ്ത്രീ**
അധ്യക്ഷത : ബി.എം.സുഹറ
മുഖ്യപ്രഭാഷണം : സുജ സൂസൻ ജോർജ്
പങ്കെടുക്കുന്നവർ : സി.എസ്.ചന്ദ്രിക, മൈന ഉമൈബാൻ, എം.ബി.മിനി, കെ.രേഖ, സംഗീത ശ്രീനിവാസൻ, കവിത ബാലകൃഷ്ണൻ, ബിലു പത്മിനി നാരായണൻ

07:00 **നാടകം : വഴുതന** (110 മിനിറ്റ്) രചന, സംവിധാനം : കെ.വി.ഗണേഷ്
അവതരണം : ഒറ്റപ്പാലം സിഎൻഎൻ നാടകവേദി

## ഏപ്രിൽ 5 ബുധൻ

10:00 **പ്രസംഗമത്സരം**

03:00 **പുസ്തകപ്രകാശനം** : ഗ്രീൻ ബുക്സ്
യുദ്ധഭൂമിയിലെ സ്ത്രീപോരാളികൾ (ചരിത്രം) : സ്വെറ്റ്ലാന അലക്സിവിച്ച്
വിവർത്തനം : രമാ മേനോൻ
നന്ദികേശൻ സാക്ഷി (നോവൽ) : പാങ്ങിൽ ഭാസ്കരൻ

04:30 **സെമിനാർ : അരികുജീവിതവും എഴുത്തും : പ്രദീപൻ പാമ്പിരികുന്നിന് സമർപ്പണം**
അധ്യക്ഷത : നാരായൻ, അനുസ്മരണപ്രഭാഷണം : ഡോ.എം.ബി.മനോജ്
മുഖ്യപ്രഭാഷണം : ടി.കെ.അനിൽകുമാർ
പങ്കെടുക്കുന്നവർ : സണ്ണി കപിക്കാട്, ഡോ.കെ.എം.അനിൽ

06:30 **നാറാണത്ത് ഭ്രാന്തൻ** (45 മിനിറ്റ്)
വി.മധുസൂദനൻനായരുടെ കവിതയുടെ രംഗാവതരണം : പീശപ്പിള്ളി രാജീവൻ

07:15 **ഒ.എൻ.വി.കവിതകളുടെ നൃത്തദൃശ്യാവിഷ്കാരം** (45 മിനിറ്റ്) അവതരണം : ചന്ദനഗോപൻ

08:00 **നാടൻകലാവതരണം – വേലകളി, മുടിയാട്ടം** : ആട്ടോർ അയ്യപ്പൻ നാടൻകലാസമിതി

## 2,000 രൂപയുടെ ഓരോ വിൽപനക്കും സമ്മാനക്കൂപ്പൺ

എല്ലാ സ്റ്റാളുകളിൽനിന്നുമുള്ള ബില്ലുകൾ ശേഖരിച്ച്,
അക്കാദമി കൗണ്ടറിൽ രജിസ്റ്റർ ചെയ്ത് സമ്മാനക്കൂപ്പൺ കൈപ്പറ്റുക.

നറുക്കെടുപ്പിലൂടെ ഓരോ ദിവസവും രണ്ടുപേർക്ക് വീതം 2,000 രൂപയുടെ പുസ്തകങ്ങൾ സമ്മാനമായി നൽകുന്നു.




# അന്ധവിശ്വാസങ്ങളുടെ ശാസ്ത്രവൽക്കരണം വലിയ വെല്ലുവിളി

## സുനിൽ പി.ഇളയിടം

അന്ധവിശ്വാസങ്ങളുടെ ശാസ്ത്രവൽകരണമാണ് കേരളം നേരിടുന്ന വലിയൊരു വെല്ലുവിളിയെന്ന് സുനിൽ പി.ഇളയിടം പറഞ്ഞു. ആൾദൈവങ്ങളാണ് നാട്ടിലെങ്ങും വലിയ ശാസ്ത്രസാങ്കേതികസ്ഥാപനങ്ങളുടെ ഉടമകൾ. ശാസ്ത്രത്തെ വെറും സാങ്കേതികവിദ്യയായി തെറ്റിദ്ധരിച്ച സമൂഹമായി മലയാളികൾ മാറിയെന്നും അദ്ദേഹം പറഞ്ഞു. കേരള സാഹിത്യ അക്കാദമി ദേശീയ പുസ്തകോത്സവത്തോടനുബന്ധിച്ച് 'നവോത്ഥാനം യുക്തിചിന്ത ശാസ്ത്രബോധം' എന്ന വിഷയത്തിലുള്ള സെമിനാറിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

ജാതിവിമർശനവും സ്ത്രീജീവിതങ്ങളുടെ സംരക്ഷണവും പാരിസ്ഥിതിക അവബോധവും മധ്യവർഗകുടുംബങ്ങളുടെ ഉള്ളടക്കത്തെക്കുറിച്ചുള്ള അതിനിശിതമായ വിമർശനവുമാണ് അജ്ഞതയിലാണ്ട കേരളസമൂഹം ആവശ്യപ്പെടുന്നതെന്നും അദ്ദേഹം പറഞ്ഞു.

സാഹിത്യ അക്കാദമിയംഗം കെ.പി.ശങ്കരൻ അധ്യക്ഷനായി. നവോത്ഥാനത്തിന്റെ അടിത്തറ മനുഷ്യസമത്വമാണ്. പ്രത്യാശയെ പുനരുജ്ജീവിപ്പിക്കുകയാണ് നവോത്ഥാനം ചെയ്തതെന്നും അദ്ദേഹം പറഞ്ഞു. ജീവൻ ജോബ് തോമസ് സംസാരിച്ചു. പ്രൊഫ.എം.ഹരിദാസ് സ്വാഗതവും ഈ.ഡി.ഡേവീസ് നന്ദിയും പറഞ്ഞു. തുടർന്ന് അഞ്ച് പ്രശസ്ത കവിതകളുടെ നൃത്തദൃശ്യാവിഷ്കാരം 'പഞ്ചകാവ്യം' രേഷ്മ യു.രാജ്, അപർണ മുരളീധരൻ, ഐശ്വര്യ എന്നിവർ അവതരിപ്പിച്ചു.

### പുസ്തകപ്രകാശനം

ദേശീയ പുസ്തകോത്സവത്തിന്റെ ഭാഗമായി പ്രകാശൻ ചുനങ്ങാടിന്റെ നോവൽ വിഷുക്കൈനീട്ടം പ്രൊഫ.എം.ആർ.ചന്ദ്രശേഖരൻ പ്രകാശനം ചെയ്തു. ജയനാരായണൻ പുസ്തകം സ്വീകരിച്ചു. എൻ.ബാലകൃഷ്ണൻ അധ്യക്ഷനായി. പി.കെ.ശ്രീകുമാർ, എം.ജി.ശ്രീകുമാർ, സി.കൃഷ്ണകുമാർ, പ്രകാശൻ ചുനങ്ങാട് എന്നിവർ സംസാരിച്ചു. ■









കാസർകോഡ് കാലിച്ചാനടുക്കം ദ്രാവിഡ കലാസമിതി അവതരിപ്പിച്ച മുളംചെണ്ട, എരുത്കളി, മംഗലംകളി എന്നീ നാടൻകല കൾ.



Edited, Printed and Published by Dr.K.P.Mohanan (Secretary) for Kerala Sahitya Akademi, Thrissur - 20
For internal circulation only | Phone & Fax : 0487 2331069 | email : keralasahityaakademi@gmail.com
Printed at Carmel Printers, Thrissur | Photo : Monalisa | Design : Roy Akkara